ഉത്തരം

(എ) കേരളത്തിലെ കാർഷിക മേഖലയിലെ മാന്ദ്യം കർഷക തൊഴിലാളികളുടെ തൊഴിൽ ദിനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കർഷക തൊഴിലാളികളുടെ വാർഷിക തൊഴിൽ ദിനങ്ങൾ ഏകദേശം 100 മുതൽ 150 ദിവസം മാത്രമാണ്. കർഷക തൊഴിലാളികൾ കാർഷിക മേഖല വിട്ട് മറ്റ് തൊഴിൽ മേഖലകളിലേക്ക് തിരിയുന്നതും ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

(ബി) കർഷക തൊഴിലാളികൾക്ക് ഇപ്പോൾ നൽകിവരുന്ന പെൻഷൻ തുകയായ പ്രതിമാസം 120 രൂപ എന്നത് ഏപ്രിൽ 2000-ൽ വർദ്ധിപ്പിച്ചിട്ടുള്ളതാണ്. ഈ തുക കുറവാണെന്നും ഇത് ഉയർത്തണമെന്നും കർഷക തൊഴിലാളി സംഘടനകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. തുക ഉയർത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. കുടിശ്ശിക തുക പരമാവധി കൊടുത്തു തീർക്കുവാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

ബാർബർ തൊഴിലാളി ക്ഷേമനിധി

47 [2916] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജനുവരി മാസത്തിൽ നിലവിൽ വന്ന ബാർബർ തൊഴിലാളി ക്ഷേമനിധിയിൽ എത്ര പേർ അംഗങ്ങളായി ചേർന്നിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) കൈത്തൊഴിലാളി വിഭാഗീയ തൊഴിലാളി സംഘടനയിൽനിന്നും ബാർബർ തൊഴിലാളി ക്ഷേമനിധിയുടെ കീഴിലേക്ക് വന്നിട്ടുള്ള ബാർബർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇവർക്ക് പെൻഷൻ നൽകാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 9,000 പേർ അംഗങ്ങളായി ചേർന്നിട്ടുണ്ട്.

(ബി, സി) ഉണ്ട്. 15 പേർക്ക് പെൻഷൻ അനുവദിച്ച് നൽകിയിട്ടുണ്ട്.

നിർമ്മാണത്തൊഴിലാളി ക്ഷേമനിധി പെൻഷൻ

48 [2917] ശ്രീ. കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികൾ പെൻഷനാകുമ്പോൾ നൽകുന്ന തുക നിലവിൽ നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് ഈ തുക തടഞ്ഞു വെച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഈ തുക കൃത്യമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സെസ് ഇനത്തിൽ സേവന നിധിയിലേക്ക് ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഇത് കൃത്യമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE&CS) ആക്ട് 1996 നിലവിൽ വന്നശേഷം അംഗമായി ചേർന്നവർക്ക് അംശദായമായി അടച്ച തുക അവർ പെൻഷൻ പററി പിരിയുമ്പോഴം തിരികെ നൽകാൻ വ്യവസ്ഥയില്ല. അതിനാൽ ടി ആക്ട് നിലവിൽ വന്നതിനുശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് അവർ പെൻഷനാകുമ്പോഴം അവർ അടച്ച അംശദായ തുക തിരികെ നൽകുന്നില്ല. എന്നാൽ 1989-ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമം സെക്ഷൻ 13 പ്രകാരം അംഗമായി ചേർന്നവർക്ക് അംശദായ തുക തിരികെ നൽകാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 1996-ലെ ആക്ട് നിലവിൽ വന്നശേഷം അംഗത്വമെടുത്ത തൊഴിലാളികൾക്ക് 60 വയസ് പൂർത്തിയാക്കി പെൻഷന് അർഹത നേടുമ്പോഴം അവർ അടച്ച തുകയും പലിശയും നൽകിവരുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടെന്നും ആയത് ചട്ടവിരുദ്ധമാണെന്നും അക്കൗണ്ടൻറ് ജനറലിൻെറ ആഡിററ് വിഭാഗം ചൂണ്ടിക്കാണിച്ചതിൻെറ അടിസ്ഥാനത്തിലാണ് ഇത് നിർത്തിവയ്ക്കേണ്ടി വന്നിട്ടുള്ളത്.

(സി) ടി അംശദായ തുക തിരികെ അംഗ തൊഴിലാളികൾക്ക് നൽകുന്നതിലേയ്ക്കായി ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് (RE & CS) റൂൾസ് 1998-ലെ ചാപ്റ്റർ 31-ലെ 303-ം ഉപവകുപ്പ് ഭേദഗതി ചെയ്താൽ മാത്രമേ കഴിയൂ.

(ഡി, ഇ) കുടിശ്ശികയുണ്ട്. അത് പിരിച്ചെടുക്കുവാൻ ഊർജ്ജിത ശ്രമം നടത്തിവരികയാണ്. ലേബർ കമ്മീഷണർ തലത്തിലും സർക്കാർ തലത്തിലും ഇത് സംബന്ധമായി അവലോകന യോഗങ്ങൾ നടത്തിവരികയാണ്.

അറുപത് വയസ്സിൽ വിരമിക്കുന്ന നിർമ്മാണ തൊഴിലാളികൾക്ക് അംശദായ തുകയും പലിശയും നൽകുന്നതിന് നടപടി

49 [2918] ശ്രീ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബിൽഡിംഗ് ആൻറ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽനിന്ന് അറുപത് വയസ്സിൽ പിരിയുന്ന അംഗങ്ങൾക്ക് അവർ അടച്ച അംശദായ തുകയും പലിശയും നൽകിവന്നത് നിർത്തിവച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly